## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.451. 07.01.2014 ൽ മറുപടിയ്ക്ക്.

### റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>" അൻവർ സാദത്ത്<br>" വർക്കല കഹാർ<br>" കെ. ശിവദാസൻ നായർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പമന്ത്രി) |
| (എ) മോട്ടോർ വാഹനവകുപ്പ് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 138 എ പ്രകാരം എം , എൻ എന്നീ വിഭാഗത്തിൽപ്പെട്ട എല്ലാ വാഹനങ്ങളിലും ആർ.എഫ് ഐ.ഡി ടാഗുകൾ ഘടിപ്പിക്കുന്നത് 08-04-2013 തീയതിയിലെ ജി.എസ്.ആർ. 207(ഇ) പ്രകാരം 07-10-2013 മുതൽ കേന്ദ്ര സർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആർ.എഫ് ഐ.ഡി ടാഗ് റീഡറുകൾ വാങ്ങുന്നതിന് ആർ.എഫ് ഐ. ഡി ടാഗിന്റെ മാനദണ്ഡങ്ങൾ (specification) ലഭ്യമാക്കുന്നതിനായി കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയ്സും മന്ത്രാലയത്തോട് മോട്ടോർവാഹന വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (ബി) & | ഈ പദ്ധതി സംബന്ധമായ നിർദ്ദേശം പ്രാരംഭ ഘട്ടത്തിലാണ്. |
| (സി) വാഹനങ്ങളുടെ അമിതവേഗം കണ്ടെത്താനും തടയാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) & (ഡി) | |
| (ഡി) പദ്ധതി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ.